കേരളസർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ഗ്രാമവികസന വകുപ്പ് - മാള ബ്ലോക്ക് പഞ്ചായത്ത് ഗവൺമെന്റ് ആശുപത്രിയിൽ K.H.R.W.S പേവാർഡിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി.കെഎ.നൂർജഹാനെ ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ച്-18.06.2001 മുതൽ ടിയാളുടെ സേവനം ക്രമീകരിച്ച് WP(C)No.16428/13-മേലുള്ള ബഹു.ഹൈക്കോടതിയുടെ 01.07.2013-ലെ വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.338/14/തസ്വഭവ, തിരുവനന്തപുരം,തീയതി, 06.02.2014**

---

പരാമർശം:- 1. 25.11.2005ലെ ജി.ഒ.(പി) നം.501/2005/ഫിൻ. നമ്പർ ഉത്തരവ്.
2. ശ്രീമതി.കെ.എ.നൂർജഹാൻ 23.06.2013 തീയതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച നിവേദനം. (Ext;P 7)
3. ശ്രീമതി.കെ.എ.നൂർജഹാൻ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)No.16428/13 ഹർജിയിന്മേൽ 01.07.2013-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
4. ഗ്രാവികസന കമ്മീഷണറുടെ 24.09.2013, 19.11.2013, 29.01.2014 എന്നീ തീയതികളിലെ 15454/എസ്റ്റാ.ഡി4/13/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

മാള ബ്ലോക്ക് പഞ്ചായത്ത് ഗവൺമെന്റ് ആശുപത്രിയിൽ പേ വാർഡിൽ 1991 മുതൽ പാർട്ട്ടൈം സ്വീപ്പറായി ആയി ജോലി ചെയ്യുന്ന ശ്രീ.കെ.എ.നൂർജഹാൻ തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കാൻ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു.

ശ്രീമതി.നൂർജഹാൻ, കെ.കരുണാകരൻ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ K.H.R.W.S പേവാർഡിൽ 01.07.1991 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് ജോലി ചെയ്തു വരികയാണെന്നും, ടി പേ വാർഡും പാർട്ട് ടൈം സ്വീപ്പറെയും K.H.R.W.S. മാനേജിംഗ് ഡയറക്ടറും മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും തമ്മിൽ 10.07.1998-ൽ ഒപ്പു വച്ച എഗ്രിമെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും, 11.07.1998 മുതൽ ശ്രീമതി.കെ.എ.നൂർജഹാന്റെ വേതനവും, ഡി.എ.യും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും 31.12.2012 വരെ നൽകുകയും, തുടർന്ന് 01.01.2013 മുതൽ പേവാർഡ് വാടക തുകയായി ലഭിക്കുന്ന തുകയുടെ 75% എന്ന നിരക്കിൽ ടിയാരിക്ക് വേതനം നൽകി വരുന്നതായും, റീജണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമന ശുപാർശ നൽകപ്പെട്ട ശ്രീമതി.കെ.എ.നൂർജഹാന്റെ നിയമനം റഗുലറൈസ് ചെയ്യുന്ന കാര്യത്തിന് മുൻഗണന നൽകാവുന്നതാണെന്നും, ടി

പേ വാർഡ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭാഗമായാണ് പ്രവർത്തിച്ചു വരുന്നതെന്നും ആയതിലേയ്ക്ക് വേറെ സ്വീപ്പർമാരെ നിയമിച്ചിട്ടില്ലെന്നും, അതിലെ സ്വീപ്പിംഗ് ഏരിയ 216.73 $M^2$ ആണെന്നും പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.07.1998-ലെ മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും K.H.R.W.S. മാനേജിംഗ് ഡയറക്ടറും തമ്മിലുണ്ടാക്കിയ K.H.R.W.S പേ വാർഡ് കൈമാറുന്നതിനുള്ള എഗ്രിമെന്റിൽ "The existing staff of the payward will be taken by the Block Panchayath, Mala permanently and unconditionally and the payward will become the property of the Block Panchayat hereafter and no liability whatsoever shall lie with KHRWS" എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും സൂചന (1)ലെ ഉത്തരവ് K.H.R.W.S-ന് ബാധകമല്ലാത്തതിനാലും റീജണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമന ശുപാർശ നൽകപ്പെട്ട ശ്രീമതി.കെ.എ.നൂർജഹാനെ സൂചന(1)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പിൽ, നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ചു കൊണ്ടും ടിയാളുടെ സേവനം 18.06.2001 മുതൽ ക്രമീകരിച്ചു കൊണ്ടും. WP(C)No.16428/13-ന്മേലുള്ള 01.07.2013-ലെ ബഹു.ഹൈക്കോടതി വിധി നടപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മീരാറാണി.കെ.ജി.
അണ്ടർ സെക്രട്ടറി

ശ്രീമതി.നൂർജഹാൻ, പാർട്ട് ടൈം സ്വീപ്പർ, മാള ബ്ലോക്ക് പഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With covering letter)
ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, മാള ബ്ലോക്ക് പഞ്ചായത്ത്
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (യു.ഒ.നം.54763/ജി1/2013/ആ.കു.വ. തീയതി 28.12.2013)
ധനകാര്യ വകുപ്പ് (യു.ഒ.നം.11981/എക്സ്പെ. സി2/14/ധന തീയതി 06.02.2014)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ